aryancodegp@gmail.com
Ph.No. 0471-2255226

# ആര്യൻകോട് ഗ്രാമപഞ്ചായത്ത് കര്യാലയം

നം. A2 2408/2014

# ലേലപരസ്യം

ആര്യങ്കോട് ഗ്രാമപഞ്ചായത്ത് 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് താഴെ പറയുന്ന പൊതു ചന്തകളിൽ നിന്നും ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം അവയ്ക്ക് നേരെ യഥാക്രമം കാണിച്ചിട്ടുള്ള തീയതിയിലും സമയത്തും സ്ഥലത്തും വച്ച് പരസ്യമായി ലേലം ചെയ്തുകൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ലേലവ്യവസ്ഥകൾ അംഗീകരിക്കേണ്ടതുമാണ്. മാർക്കറ്റിന്റെ ഗേറ്റ് ഫീസ് വിളികേൾക്കുന്ന ആൾ മൊത്തം ലേലതുകയുടെ നാലിൽ ഒരു ഭാഗം തുക അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതും ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് 100 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് നൽകേണ്ടതുമാണ്. മുൻകുടിശ്ശികക്കാരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല. പ്രസ്തുത ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതാണ്.

| ക്രമ നമ്പർ | ലേലം ഇനം | നിരത ദ്രവ്യം രൂപ | സോൾ വൻസി | ലേലതീയതിയും സമയവും സ്ഥലവും | കാലാവധി |
|---|---|---|---|---|---|
| 1 | ആര്യങ്കോട് പബ്ലിക് മാർക്കറ്റിന്റെ ഗേറ്റ് ഫീസ് പിരിവ് | 10000 | 150000 | 25.02.2014, 11 AM പഞ്ചായത്താഫിസ് ഹാൾ | 1 വർഷം |
| 2 | ചെമ്പൂർ പബ്ലിക് മാർക്ക റ്റിന്റെ ഗേറ്റ് ഫീസ് പിരിവ് | 10000 | 150000 | തുടർന്ന് ,, | ,, |
| 3 | കീഴാറൂർ പബ്ലിക് മാർക്കറ്റിന്റെ ഗേറ്റ് ഫീസ് പിരിവ് | 10000 | 50000 | ,, | ,, |
| 4 | ആര്യങ്കോട് പബ്ലിക് മാർക്കറ്റിലെ സ്റ്റാളിൽ വച്ച് അംഗീകൃത കശാപ്പുശാലയിൽ നിന്നും നിയമാനുസരണമുള്ള ഇറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 500 | | ,, | ,, |
| 5 | ചെമ്പൂർ പബ്ലിക് മാർക്കറ്റ് സ്റ്റാളിൽ വച്ച് അംഗീകൃത കശാപ്പുശാലയിൽ നിന്നും നിയമാനുസൃതമുള്ള ഇറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 500 | | ,, | ,, |
| 6 | കീഴാറൂർ പബ്ലിക് മാർക്കറ്റിലെ സ്റ്റാളിൽ വച്ച് അംഗീകൃത കശാപ്പുശാലയിൽ നിന്നും നിയമാനുസരണമുള്ള ഇറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 500 | | ,, | ,, |
| 7 | ആര്യങ്കോട് മാർക്കറ്റിനകത്തെ ടോയ്ലെറ്റ് മുറികൾ ലേലം | 100 | | ,, | ,, |
| 8 | ആര്യങ്കോട് മാർക്കറ്റിനകത്തെ ഓപ്പൺ സ്റ്റാൾ | 100 | | ,, | ,, |
| 9 | ചെമ്പൂർ മാർക്കറ്റിനകത്തെ ഓപ്പൺ സ്റ്റാൾ | 100 | | ,, | ,, |
| 10 | കുറ്റിയായണിക്കാട് സാംസ്ക്കാരിക നിലയത്തിന്റെ കോമ്പൗണ്ടിൽ നിൽപ്പുള്ള 1 മൂട് തെങ്ങിൽ നിന്നും കായ്ഫലം എടുക്കുന്നതിന് | 100 | | 25.02.2014, 3 PM സാംസ്ക്കാരിക നിലയം കുറ്റിയായണിക്കാട് | 3 വർഷം |
| 11 | മണ്ണാംകോണം മൃഗാശുപത്രി കോമ്പൗണ്ടിൽ നിൽക്കുന്ന 5 മൂട് തെങ്ങ് കായ്ഫലം എടുക്കൽ | 100 | | 25.02.2014, 3.30 PM മൃഗാശുപത്രി കോമ്പൗണ്ട് | 3 വർഷം |

# ലേലവ്യവസ്ഥകൾ

1. പബ്ലിക് മാർക്കറ്റുകളും സ്ഥലവും പഞ്ചായത്തിന്റെ അധീനതയിലും മേലന്വേഷണത്തിലും ആയിരിക്കുന്നതാണ്.
2. ലേലത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുൻപായി ഓരോന്നിനും എതിരെ കാണിച്ചിരിക്കുന്ന നിരക്കിൽ നിരതദ്രവ്യം കെട്ടിയവയ്ക്കേണ്ടതാണ്.
3. സോൾവൻസിക്കു പകരം തുക കെട്ടിവയ്ക്കുകയാണെങ്കിൽ ടി തുക ലേല കാലാവധി കഴിഞ്ഞു മാത്രമേ നൽകുകയുള്ളു.
4. ഓരോ ലേലവും ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന ആളിന്റെ പേരിൽ താൽകാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. അന്തിമ തീരുമാനം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും.
5. ലേലത്തുക ഉടൻ ഒടുക്കാത്ത പക്ഷം നിരതദ്രവ്യം പഞ്ചായത്തിലേയ്ക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമാണ്.
6. 1,2,3 എന്നീ ക്രമ നമ്പരുകളിലുള്ള ഇനങ്ങൾ ലേലം വിളികേൾക്കുന്ന ആളുകൾ മൊത്തം േ,ലലത്തുകയുടെ നാലിലൊന്ന് തുക ഉടൻതന്നെ ഒടുക്കി രസീത് വാങ്ങേണ്ടതാണ്. ബാക്കി തുക മൂന്ന് തുല്യ ഗഡുക്കളായി 2011 ജൂൺ, സെപ്തംബർ, ഡിസംബർ എന്നീ മാസങ്ങളിൽ 15-ാം തീയതിയ്ക്കു മുമ്പായി ഒടുക്കേണ്ടതാണ്.
7. ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് അറിയിപ്പ് കിട്ടിയാൽ ഏഴുദിവസത്തിനകം ലേലക്കാരൻ നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ സ്വന്തം ചിലവിൽ കരാർ എഴുതി ഒപ്പിട്ട് പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതാണ്.
8. ഗഡുക്കളായി അടയ്ക്കേണ്ട തുക നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാത്ത പക്ഷം 20 ശതമാനം പിഴ പലിശയോടുകൂടി ഒരു മാസത്തിനകം ഒടുക്കേണ്ടതാണ്. വീണ്ടും വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ അവകാശം റദ്ദ് ചെയ്ത് വീണ്ടും ലേലം ചെയ്തുകൊടുക്കുന്നതാണ്.
9. ചന്ത ഗേറ്റ് ഫീസ് പിരിവ് നോട്ടീസിൽ കാണിച്ചിരിക്കുന്ന നിശ്ചിത നിരക്കിൽ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം മാത്രമേ ഫീസ് പിരിക്കാൻ പാടുള്ളു.
10. ലേലം മതിയായ തുകയ്ക്ക് വിളികേൾക്കാത്ത പക്ഷം ലേലം മാറ്റി വയ്ക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. ഇറച്ചി കച്ചവടം നടത്തുന്നതിന് ലേലത്തിൽ പിടിക്കുന്നവർ ലേലത്തുക മുഴുവനും ഒന്നായി കെട്ടി വയ്ക്കേണ്ടതും ഹൈക്കോടതിയുടെ നിർദ്ദേശം പാലിക്കേണ്ടതുമാണ്. അതാതയത് പൊതുജനങ്ങൾക്ക് അറപ്പും വെറുപ്പും ഉണ്ടാക്കാത്ത തരത്തിൽ മറച്ച് വച്ച് വേണം വിൽപ്പന നടത്താൻ.

*ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പഞ്ചായത്താഫീസിൽ നിന്നും പ്രവൃത്തിസമയത്ത് നേരിട്ടും* പഞ്ചായത്തിന്റെ **lsgkerala.in/aryancodepanchayat/** വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

ആര്യങ്കോട്
13/02/2014

സെക്രട്ടറി
ആര്യങ്കോട് ഗ്രാമപഞ്ചായത്ത്